## 4. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള അകൽച്ച

വിശുദ്ധിയെപ്പററി പഴയ നിയമത്തിൽ കാണുന്ന വേർപാട് (Separation), സമർപ്പണം (Consecration), മഹത്വീകരണം (Sanctification) എന്നിവ സഭയെ സംബന്ധിച്ചും യഥാർത്ഥമായിട്ടുള്ളവയാണെന്ന്, മേല്പറഞ്ഞ കാര്യങ്ങളിൽനിന്നും വ്യക്തമാണ്. തന്നിമിത്തം സഭയ്ക്ക് അവിശ്വാസികളുമായി ആത്മീയബന്ധമോ, ആത്മീയസംസർഗ്ഗമോ പാടില്ലാത്തതാകുന്നു. 'നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളോടെന്തൊരു കൂട്ടായ്മ ക്രിസ്തുവിനും ബെലയാറിനും തമ്മിൽ എന്തു പൊരുത്തം? അല്ല വിശ്വാസിക്ക് അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിന് വിഗ്രഹങ്ങളോട് എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. ഞാൻ അവരിൽ വസിക്കുകയും, അവരുടെ ഇടയിൽ നടക്കുകയും ചെയ്യും. ഞാൻ അവർക്ക് ദൈവവും, അവർ എനിക്ക് ജനവും ആകും എന്നും ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ട് അവരുടെ ഇടയിൽനിന്നും മാറിവേർപെട്ടിരിപ്പീൻ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. അശുദ്ധമായതൊന്നും തൊടരുത്. എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്കു പിതാവും, നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രികളും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു' (2 കൊരി. 6:14–18)

അവിശ്വാസികളുമായി ആത്മീയബന്ധം പാടില്ലെന്നല്ലാതെ, സാമൂഹ്യസംസർഗ്ഗം (intercourse) നിരോധിക്കപ്പെടുന്നില്ല. 'അവ ഒരുവൻ നിങ്ങളെ ക്ഷണിച്ചാൽ നിങ്ങൾ പോകുവാൻ മനസ്സുണ്ടെങ്കിൽ പോയി നിങ്ങളുടെ മുമ്പിൽ വിളമ്പുന്നതു് എന്തായാലും മനസ്സാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ തിന്നുവീൻ'. (1 കൊരി.)

തത്തുല്യൻ പുറജാതികളോട് ഇപ്രകാരം പറയുന്നു 'ഞങ്ങൾ നിങ്ങളോടുകൂടി താമസിക്കുന്നു; നിങ്ങളുടെ ഭക്ഷണം, വസ്ത്രം, സ്ഥാപനങ്ങൾ എന്നിവ ഉപയോഗിക്കുന്നു'. മററൊരാൾ പറയുന്നതു് ഇപ്രകാരമാണ്. 'ശേഷം മനുഷ്യരിൽനിന്നും താമസസ്ഥലത്തിലോ, സംസാരത്തിലോ, പാരമ്പര്യങ്ങളിലോ ക്രിസ്ത്യാനികൾ പ്രത്യേകത ഉള്ളവരല്ല ഭക്ഷണം, വസ്ത്രം, ജീവിതത്തിന്റെ മററു ക്രമീകരണങ്ങൾ എന്നിവയിൽ അതതു സ്ഥലത്തെ രീതികൾ സ്വീകരിക്കുന്നു. (Epistle of Diogenetes)

വിശുദ്ധിക്കായുള്ള സഭയുടെ വേർതിരിവ്, ഇതനുസരിച്ച് ആത്മീയമായ ഒരു വേർതിരിവാണ്. അതായതു് പുറജാതികളുടെ ദൂഷ്യങ്ങളിൽനിന്നും വിഗ്രഹാരാധനയിൽ നിന്നുമുള്ള അകൽച്ച.

# ഓർത്തഡോക്സ് സമുദായത്തിന് ഒരു ലേഡീസ് കോളേജ് അപരിത്യാജ്യം

### സീനിയർ ഒ. എം. മാത്യു ഒരുവട്ടിത്തറ

ഓർത്തഡോക്സ് സമുദായംവകയായി പുരുഷന്മാർക്ക് (അതിൽ വനിതകളേയും പ്രവേശിപ്പിച്ച് പഠിപ്പിക്കുന്നുണ്ട് എന്നുള്ള കാര്യം ലേഖകൻ വിസ്മരിക്കുന്നില്ല.) വേണ്ടിയുള്ള കോളേജുകൾ ഉണ്ടല്ലോ. എന്നാൽ ഓർത്തഡോക്സ് സമുദായത്തിന് ഒരു വനിതാ കോളേജ് ഇതേവരെ ഉണ്ടായിട്ടില്ല എന്നുള്ളതു് ഒരു ദുഃഖസത്യമാണ്. പുരുഷന്മാരേക്കാൾ സ്ത്രീകളാണല്ലൊ, കാനേഷുമാരി കണക്കനുസ്സരിച്ച് കൂടുതൽ ഉള്ളതു്. എന്നാൽ പുരുഷവിദ്യാർത്ഥികളേക്കാൾ സ്ത്രീവിദ്യാർത്ഥികളാണ കുറവ് എന്നുള്ളതു് വായനക്കാർക്ക് അറിവുള്ള ഒരു വസ്തുതയാണല്ലൊ.

ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഒരേ രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതു് പ്രയോജനശൂന്യമാണെന്നു പറയുന്ന ചിലരുണ്ട്. അവർ പറയുന്നതു് ആലോചിക്കേണ്ട ഒരു കാര്യമാണ്.

ഇത്തരത്തിലുള്ള വിമർശനങ്ങളെ കൂലങ്കഷമായി പരിശോധിച്ചാൽ സ്കൂൾ ഫൈനൽ ക്ലാസ് കഴിഞ്ഞു് ഉപരിപഠനം നടത്തണമെന്ന് ഉദ്ദേശമില്ലാത്ത പെൺകുട്ടികൾക്ക് –അങ്ങനെയുള്ളവരായിരിക്കും അധികം വിദ്യാർത്ഥിനികളും– ഹൈസ്കൂളുകളിലും, താഴ്ന്ന ക്ലാസ്സുകളിലും ലളിത കലകളിലും, ഗൃഹഭരണശാസ്ത്രങ്ങളിലും പരിശീലനം നൽകണമെന്ന് വിവക്ഷിക്കപ്പെട്ടിട്ടുള്ളൂ എന്ന് കാണാവുന്നതാണ്. ഭാഷ, കണക്ക്, ഭൂമിശാസ്ത്രം, സയൻസ്, ചരിത്രം ആദിയായ ഇതരവിഷയങ്ങൾ ആൺകുട്ടികളും, പെൺകുട്ടികളും ഒരുപോലെ പഠിക്കേണ്ടതാണ്. ഗൃഹഭരണശാസ്ത്രമെന്നു വച്ചാൽ പാചകവൃത്തി മാത്രമേ ഉള്ളൂ എന്നാണ് പണ്ടുള്ളവർ ധരിച്ചുവച്ചിരുന്നതു്. എന്നാൽ രുചികരമായി ഭക്ഷണം പാകംചെയ്യാൻ പഠിക്കേണ്ടതു മനുഷ്യജീവിതത്തിൽ അതിപ്രധാനമായ ഒരു സംഗതി ആണെങ്കിലും, അതിനോടു ചേർന്ന് മററു പലതും ഗൃഹഭരണശാസ്ത്രത്തിൽ ഉൾപ്പെടുന്നു. വീട്ടിലെ വരവുചെലവുകൾക്ക് ശരിയായ കണക്കുകൾ വയ്ക്കുക, വീട്ടുസാമാനങ്ങൾ ഭംഗിയായും, വൃത്തിയായും, സൂക്ഷിക്കുക, അതിഥികളെ യഥോചിതം സ്വീകരിക്കുക, ബാലപരിചരണം, ഭർത്തൃപരിചരണം എന്നിവയൊക്കെ ഗൃഹഭരണശാസ്ത്രപരിധിയിൽ ഉൾപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരു ഭവനത്തെ ആകർഷകമാക്കിത്തീർക്കേണ്ട ജോലി സ്ത്രീയുടേതാണ്. ഇതു് സ്ത്രീകളെക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. പുരുഷൻ പ്രായേണ കൃത്യാന്തരപരതന്ത്രരാണല്ലോ. ദാമ്പത്യവിജയത്തിനും സുഖത്തിനും അത്യന്താപേക്ഷിതമായി വല്ലതുമുണ്ടെങ്കിൽ അതു വധൂവരന്മാർക്ക് നല്ല വിദ്യാഭ്യാസമുണ്ടായിരിക്കുക എന്നുള്ളതാണ്. കുടുംബജീവിതവിജയത്തിന് വിദ്യാഭ്യാസം പോലെ സർവ്വപ്രധാനമായ മററൊന്നുമില്ല.

ഉന്നതവിദ്യാഭ്യാസത്തിനായി വനിതകൾക്ക് മാത്രമായി ഒരു കോളജ് ഓർത്തഡോക്സ് സമുദായം വകയായി സ്ഥാപിക്കണമെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. അതു് തിരുവല്ലായിൽ ഇപ്പോൾ വളരെ സ്തുത്യർഹമായി നടത്തിവരുന്ന തിരുമൂലപുരം ഹൈസ്ക്കൂളിനോടു് അനുബന്ധിച്ചു നടത്താവുന്നതാണ്. പ്രസ്തുത കോളേജിന്റെ പേരു് വനിതകൾക്കു മാത്രമായിട്ടുള്ള മാർ അത്താനാസ്യോസ് കോളേജ് എന്നായിരിക്കട്ടെ. ഇംഗ്ലീഷിൽ Mar Athanasius College for Ladies എന്ന് ഔപചാരികമായി അതിനെ വിളിക്കാം. അതിന്റെ ചുരുക്കപ്പേർ M.A.C.L. എന്നുമാകട്ടെ എന്റെ ഈ നിർദ്ദേശം പരിശുദ്ധ കാതോലിക്കാബാവായും, മററുള്ള വന്ദ്യതിരുമേനിമാരും സ്വീകാര്യമെങ്കിൽ തുടന്ന് കാര്യമായി എന്താണു പ്രവർത്തിക്കേണ്ടതു് എന്നുള്ളതു് അവർ കൂടി ആലോചിക്കട്ടെ. ഇതിന്റെ ആലോചനയിൽ സമുദായത്തിലെ പ്രമുഖന്മാരും സ്വാധീനബലമുള്ള അയ്മേനിമാരും കൂടിച്ചേർന്ന് ഒരു സമിതിയെ നിയോഗിച്ച് വേണ്ടതു പ്രവർത്തിക്കണം. ഇതിന് കാലതാമസം വരുത്തരുതെന്നും, ഈ ലേഖകൻ അഭ്യർത്ഥിക്കുന്നു. ഇതുകൂടാതെ പുരുഷന്മാർക്കായി പിറവത്തും ഒരു കോളേജുകൂടി ഇപ്പോഴത്തെ നമ്മുടെ പരിശുദ്ധ കാതോലിക്കാ തിരുമേനിയുടെ കാലത്തു സ്ഥാപിക്കണമെന്നും ഈ ലേഖകനു് നിർദ്ദേശമുണ്ട്. ഇതു രണ്ടും നമ്മുടെ ബാവാതിരുമേനിയുടെ കാലത്തു് ഉണ്ടാകണമെന്നാഗ്രഹിക്കുന്നു.

ഈ സുവർണ്ണാവസരം പാഴാക്കുകയോ, നഷ്ടപ്പെടുത്തുകയോ ചെയ്യരുതു്. സമുദായഭക്തന്മാരും ഈ നിർദ്ദേശം ഗൗരവമായി ചിന്തിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

### ബിഷപ്പ് തിങ് രാഷ്ട്രീയത്തിൽ?

ചൈന: ചൈന ക്രിസ്ത്യൻ കൗൺസിൽ പ്രസിഡൻറ് ബിഷപ്പ് കെ. എച്ച്. തിങ് ചൈനീസ് പീപ്പിൾസ് പൊളിററിക്കൽ കൺസൾട്ടേററീവ് കോൺഫറൻസിന്റെ വൈസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു.

നാഷനണൽ പീപ്പിൾസ് കോൺഗ്രസിന്റെ പ്രിസീഡിയമാണ് അദ്ദേഹത്തെ നോമിനേററു് ചെയ്തതു്.


**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ
രണ്ടുവർഷം— 100രൂപാ

വിലാസം
ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം—686 038

Phone 0481-8234



**Advisory Board**

Patron
H. H. Baselius Marthoma Mathews I
President
H. G. Geevarghese Mar Ivanios
Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J. Koshy (Bombay)
Mr. M. A. Abraham (Madras)
Mr. M. G. George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny





## മലമടക്കുകളിൽ...

(3-ാം പേജിൽനിന്നും തുടർച്ച)

പണം തരാതിരിക്കില്ല. കാര്യങ്ങളെല്ലാം ആളുകളെ പറഞ്ഞു മനസ്സിലാക്കുക. അതു വഴിയുണ്ടാകുന്ന വ്യക്തിപരമായ ബന്ധം വളരെ വലിയ സംഗതിയാണ്.

അതുപോലെ തന്നെ പണത്തിൻെറ ആവശ്യകതയനുസരിച്ചും പിരിക്കാൻ പോകുന്ന വ്യക്തികളുടെ സ്വാധീനമനുസരിച്ചുമാണ് പണം ലഭിക്കുന്നത്.

ചോ: അങ്ങ് ഭദ്രാസനത്തിലെ ആവശ്യത്തിനു വേണ്ടി നടത്തുന്ന പിരിവുകൾ സഭാ സെക്രട്ടറിയേററിനെ അറിയിക്കാറുണ്ടോ?

ഉ: സെക്രട്ടറിയേററ് ചോദിക്കുകയാണെങ്കിൽ പറയും. മെത്രാസനങ്ങളെ പഠിച്ച് അവയെ മനസ്സിലാക്കി അവയെപ്പററി ചിന്തിക്കുന്ന ഒരു കേന്ദ്രക്കമ്മററിയുണ്ടെങ്കിൽ നന്നായിരുന്നു.

ചോ: 'മെത്രാച്ചൻമാരുടെ' സ്ഥലംമാററം എന്ന നിർദ്ദേശത്തെപ്പററി അങ്ങയുടെ അഭിപ്രായം എന്താണ്?

ഉ: സ്ഥലം മാററം മെത്രാച്ചൻ മാർക്ക് ഒട്ടും കൊള്ളില്ല. കാരണം ഓരോ സ്ഥലത്തും ഭദ്രാസനത്തിൻെറ പ്രവർത്തനങ്ങൾ ബിൽഡ് അപ് ചെയ്തു വരികയാണ്. അങ്ങനെവരുമ്പോൾ ഒരു ഭദ്രാസനത്തിൽനിന്ന് മറെറാരു ഭദ്രാസനത്തിലെത്തുമ്പോഴേക്കും അന്തരീക്ഷം വ്യത്യാസപ്പെടുന്നു.

സ്ഥലംമാററം ഒരു ദീർഘകാലത്തേയ്ക്കാണെങ്കിൽ കൊള്ളാം. അതായത് ഒരു പത്തു വർഷം എന്നോ മറേറാ ഒരു കാലയളവ് വച്ചാൽ കൊള്ളാം. മെത്രാപ്പോലീത്താമാരുടെ സ്ഥലംമാററം അച്ചൻമാരുടെ സ്ഥലംമാററം പോലെയല്ല അതു വ്യത്യാസമാണ്.

എൻെറ ഭദ്രാസനത്തിൽ മുഖ്യമായും അച്ചൻമാരെ സൃഷ്ടിക്കുക എന്നതാണ് പ്രധാന ആവശ്യം. സെമിനാരിയിൽ നിന്നിറങ്ങുന്നവരോട് ഉടനെ വിവാഹം കഴിക്കാൻ ആവശ്യപ്പെടുകയാണ്. ഞാൻ ചെന്നതിൽപ്പിന്നെ നാലുപേർ അച്ചൻമാരായി പിന്നെ അരമന നന്നായി വരണം പാവപ്പെട്ടവർക്കുവേണ്ടി നടത്തുന്ന ആശുപത്രി ഉയർന്നുവരണം എന്നിങ്ങനെ ചില ആഗ്രഹങ്ങളുണ്ട്.



ആലപ്പുഴ സെൻറ് തോമസ് പള്ളിയിലെ യുവജനപ്രസ്ഥാനത്തിൻെറയും, എം. ജി. ഓ. സി. എസ്. എം.ൻെറയും 1989-ലെ പ്രവത്തനോദ്ഘാടനം തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നിർവഹിക്കുന്നു. ഫാ. പി. സി. അലക്സാണ്ടർ, യുവജനപ്രസ്ഥാനം സെക്രട്ടറി ബോബൻ മാത്യു, ട്രസ്റ്റി കെ. എം. തോമസ്, യുവജനപ്രസ്ഥാനം വൈസ് പ്രസിഡണ്ട് സാജു മനയിൽ എന്നിവർ സമീപം.







Mathai V. Thomas
U. S. A.

### എഡിറേറാറിയൽ

(2-ാം പേജിൽനിന്നും തുടർച്ച)

കൊണ്ടിരിക്കുന്നു. ഇനിയും സഭയുടെ കണ്ണ് ഈ രംഗത്തേയ്ക്ക് തുറക്കേണ്ടതു് വളരെ ആവശ്യം തന്നെ. സഭാ ബജററിൽ കൃത്യമായി ഈ വിഷയത്തിന് തുക കണ്ടെത്തിയേ മതിയാവൂ. ആന്ധ്രയിലും, ആഫ്രിക്കയിലും, ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ സഭയ്ക്ക് സാധിക്കുമെങ്കിൽ തീർച്ചയായും കേരളത്തിനുള്ളിലും അതു് സാധിക്കണമെന്ന് തന്നെയാണ് ഞങ്ങളുടെ നിർദ്ദേശം.

കേരളത്തിൽ ആസ്ഥാനം ഉറപ്പിച്ചിട്ടുള്ള ലോകത്തിലെ ഏക അപ്പോസ്തോലിക സഭ എന്ന പാരമ്പര്യമുള്ള ഓർത്തഡോക്സ് സഭ കേരളത്തിൻെറ സാമൂഹ്യ പ്രശ്നങ്ങൾക്കുനേരെ കണ്ണടയ്ക്കുന്നതും ഉചിതമല്ലല്ലോ.

വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായുള്ള ഈ മുറവിളി വെറും ജലരേഖയായി മാറാതിരുന്നെങ്കിൽ! എന്ന് ഞങ്ങൾ ആശിക്കുന്നു.



അഖില മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിൻെറ ഖജാൻജിയായി തിരഞ്ഞെടുക്കപ്പെട്ട തിരുവല്ല ഇരട്ടപ്ളാമൂട്ടിൽ ഇ. ടി. ജോൺ

## കാരക്കാട്ടു ചാക്കോ ഉപദേശി നിര്യാതനായി

തൃശ്ശൂർ: മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രമുഖ സുവിശേഷകനും, സഞ്ചാരമിഷനറിയുമായ കാരക്കാട്ട് കെ. വി. ചാക്കോ ഉപദേശി (84) മെയ് 30 ചൊവ്വാഴ്ച നിര്യാതനായി. ശവസംസ്ക്കാരം പിറേറന്ന് കൊച്ചി ഭദ്രാസനത്തിൻെറ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കട്ടിളപ്പൂവം സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു.

പുത്തൻകുരിശ്ശ് സെൻറ് പീറേറഴ്സ് ഇടവകയിൽ കാരക്കാട്ട് വർക്കിയുടെ പുത്രനായി 1905-ൽ ജനിച്ച ഇദ്ദേഹം 18-ാം വയസ്സിൽ സുവിശേഷവേലയ്ക്കായി സ്വയം പ്രതിഷ്ഠിച്ചു. കേരളത്തിലും തമിഴ്നാട്ടിലും പ്രേഷിതവേല വ്യാപിപ്പിച്ച ഉപദേശി വളരെയധികം അക്രൈസ്തവരെ സഭയിൽ ചേർത്തിട്ടുണ്ട്. വളരെക്കാലം സ്ലീബാദാസസമൂഹത്തിലും, ഇമ്മാനുവേൽ മിഷൻസൊസൈററിയിലും പ്രവർത്തിച്ച ഇദ്ദേഹം പല ഗ്രന്ഥങ്ങളുടെയും കർത്താവാണ് പരേതന് ഭാര്യയും ആറു മക്കളുമുണ്ട്.

ഹെറാൾഡിൽ ഉടൻ പ്രസിദ്ധീകരണം ആരംഭിക്കുന്നു

**ഒരു സുപ്രഭാതം കൂടി**

അന്തിനാട് ജോസ് എഴുതിയ വികാരസാന്ദ്രമായ നോവൽ

ത്യാഗത്തിലൂടെ, സ്നേഹത്തിലൂടെ, ദുരന്തത്തിൻെറ തീച്ചൂളയിൽ കിടന്നു പിടഞ്ഞ യുവതി

അർഹതയില്ലാത്തതു് ലഭിച്ചാൽ അതിനെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന മനുഷ്യമനസ്സിൻെറ താളംതെററലുകൾ ഇവിടെ അനാവരണം ചെയ്യുന്നു.




Edited & Published by Shebaly, Printed by Rev.C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese Asst. Manager A.J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038